# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 523 28.02.2017-ൽ മറുപടിയ്ക്കുണ്ടായിരുന്നത്**

**ഭാഗ്യക്കുറിയിൽ നിന്നുള്ള നികുതി വരുമാനം**

<table>
<tr><th></th><th>ചോദ്യം<br><br>ശ്രീ. സി.ദിവാകരൻ</th><th></th><th>മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)</th></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്ന് ഓരോ മാസവും ലഭിച്ചിരുന്ന നികുതി വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നും വകുപ്പിന് നികുതിയിനത്തിൽ വരുമാനമൊന്നും ലഭിക്കുന്നില്ല. മറിച്ച് ഭാഗ്യക്കുറി വകുപ്പ് പ്രതിവാര ഭാഗ്യക്കുറികൾക്ക് 50 ലക്ഷം രൂപ വീതവും ബമ്പർ ഭാഗ്യക്കുറികൾക്ക് 1 കോടി രൂപ വീതവും നറുക്കെടുപ്പിന്മേലുള്ള മുൻകൂർ നികുതിയിനത്തിൽ വാണിജ്യ നികുതി വകുപ്പിലേക്ക് ഒടുക്കുന്നുണ്ട്.<br>ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ മാസവും ഒടുക്കിയ മുൻകൂർ നികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>മാസം & വർഷം</th><th>തുക (രൂപയിൽ)</th></tr>
<tr><td>മെയ് 2016</td><td>16,50,00,000</td></tr>
<tr><td>ജൂൺ 2016</td><td>15,00,00,000</td></tr>
<tr><td>ജൂലായ് 2016</td><td>15,50,00,000</td></tr>
<tr><td>ഓഗസ്റ്റ് 2016</td><td>15,00,00,000</td></tr>
<tr><td>സെപ്റ്റംബർ 2016</td><td>17,00,00,000</td></tr>
<tr><td>ഒക്ടോബർ 2016</td><td>16,50,00,000</td></tr>
<tr><td>നവംബർ 2016</td><td>17,00,00,000</td></tr>
<tr><td>ഡിസംബർ 2016</td><td>15,00,00,000</td></tr>
<tr><td>ജനുവരി 2017</td><td>17,50,00,000</td></tr>
<tr><td>ഫെബ്രുവരി 2017</td><td>16,00,00,000</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>നോട്ട് നിരോധനത്തിന്റെ ഭാഗമായി നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;</td><td>(ബി)</td><td>നോട്ട് നിരോധനത്തിന്റെ ഭാഗമായി വാണിജ്യ നികുതി വരുമാനത്തിൽ 2016 ഡിസംബർ മാസത്തിൽ 2 ശതമാനത്തിന്റെ കുറവും 2017 ജനുവരി മാസത്തിൽ 19 ശതമാനം വർദ്ധനവും ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.</td></tr>
</table>

(തുക കോടി രൂപയിൽ)

| മാസം | 2015-16 വർഷം ലഭിച്ചത് | 2016-17 വർഷം ലഭിച്ചത് | വളർച്ചാ നിരക്ക് ശതമാനത്തിൽ |
|---|---|---|---|
| ഡിസംബർ | 2578.76 | 2535.27 | - 2 |
| ജനുവരി | 2482.91 | 2944.11 | + 19 |
| ആകെ | 5061.67 | 5479.38 | + 8 |

**(സി)** നികുതി വരുമാനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

**(സി)**

1) കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

2) ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയംതന്നെ അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

3) കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

4) അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

| | | | |
|---|---|---|---|
| | | | 5) റിട്ടേൺ സ്കൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.<br>6) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.<br>7) നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.<br>8) ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.<br>9) 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി. |

Jeyanth

**സെക്ഷൻ ഓഫീസർ.**